# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **29/10/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്കിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി.വി. രാജേഷ്<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, എം. മുകേഷ്<br>,, പി.ടി.എ. റഹീം : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സ്വന്തം ബാങ്ക് രൂപീകരിച്ച് സഹകരണ മേഖലയെ വികസനത്തിന്റെ അടിത്തറയാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച കേരള ബാങ്കിന് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുണ്ടോ; എന്തൊക്കെ നിബന്ധനകളാണ് വച്ചിട്ടുള്ളത്; | (എ) | മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള വകുപ്പ് 14A-യുമായി ബന്ധപ്പെട്ട കേസുകളിൽ കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. താഴെ പറയുന്ന വ്യവസ്ഥകളാണ് അന്തിമ അനുമതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1) 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുൻപ് പ്രസ്തുത തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9% മൂലധനപര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.<br><br>2) ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ് വർത്തിന്റെ അടിസ്ഥാനത്തിൽ ലയന ശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.<br><br>3) വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.<br><br>4) ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടേതിന് സമാനമായ മാർഗ്ഗനിർദ്ദേശത്തിന് അനുസരിച്ചാവണം.<br><br>5) ലയനശേഷം ആർ.ബി.ഐയുടെ തത്വത്തിൽ ഉള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.<br><br>6) അന്തിമ അനുമതിക്ക് 2020 മാർച്ച് 31 വരെ പ്രാബല്യം ഉണ്ടായിരിക്കും. അതിനുശേഷം സംസ്ഥാന സർക്കാർ തൽസ്ഥിതി സംബന്ധിച്ച് നബാർഡ് മുഖാന്തിരം റിസർവ് ബാങ്കിന് റിപ്പോർട്ട് സമർപ്പിക്കണം. |
| (ബി) | ആധുനിക സേവന സൗകര്യങ്ങൾ സാധാരണക്കാരിലേയ്ക്കുകൂടി എത്തിക്കുന്നതിന് കോർ ബാങ്കിംഗ് സൗകര്യമുൾപ്പെടെ സാങ്കേതിക മികവുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിർദ്ദിഷ്ട കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സർവ്വീസ് പ്രൊവൈഡറെ തീരുമാനിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (സി) | നിലവിലുണ്ടായിരുന്ന ജില്ലാ ബാങ്കുകൾക്ക് പ്രവാസി നിക്ഷേപം സ്വീകരിക്കാൻ കഴിയാതിരുന്ന സാഹചര്യം കേരള ബാങ്ക് രൂപീകരണത്തോടെ പരിഹൃതമാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസനത്തിന് വേഗത സുസാധ്യമാക്കുന്നതിന് ഒന്നര ലക്ഷം കോടിയോളം രൂപ വരുന്ന പ്രവാസി സമ്പാദ്യം ആകർഷിച്ച് നിക്ഷേപമാക്കി മാറ്റാവുന്ന തരത്തിലാണോ കേരള ബാങ്കിന്റെ പ്രവർത്തനം ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിർദ്ദിഷ്ട കേരള ബാങ്കിന് ടി സൗകര്യം ലഭ്യമാക്കുന്നതിനുള്ള അനുമതിക്കായി ആർ.ബി.ഐക്ക് സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ